VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII ക്രമപ്രശ്നം

ഗവൺമെന്റ് ചീഫ് വിപ്പിന്റെ രാജി സംബന്ധിച്ച അനിശ്ചിതത്വം

ശ്രീ. എ. കെ. ബാലൻ : സർ, ഇക്കഴിഞ്ഞ പത്താം തീയതി സംസ്ഥാനത്തെ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും സർക്കാർ ചീഫ് വിപ്പും തൽസ്ഥാനങ്ങൾ രാജി വയ്ക്കുകയും മാധ്യമങ്ങളിലൂടെ പ്രസ്താവന നടത്തുകയുമുണ്ടായി. ധനകാര്യ വകുപ്പുമന്ത്രിയുടെ രാജി സ്വീകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വയം ആ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സഭാ സമ്മേളനം ആരംഭിക്കുന്ന ഈ ഘട്ടത്തിൽ ഗവൺമെന്റ് ഭാഗത്ത് വിപ്പ് നൽകാൻ ക്യാബിനറ്റ് റാങ്കിലുള്ള ചീഫ് വിപ്പിനെ സംബന്ധിച്ചുള്ള അനിശ്ചിതത്വം നിലനിൽക്കുകയാണ്. ഒരേ ദിവസം മുഖ്യമന്ത്രിക്ക് സമർപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെയും സർക്കാർ ചീഫ് വിപ്പിന്റെയും രാജികളിൽ ഒന്ന് സ്വീകരിക്കുകയും മറ്റൊന്ന് അനിശ്ചിതത്വത്തിലുമാണെന്നുള്ളത് നമ്മുടെ സഭയ്ക്ക് യോജിച്ചതല്ല. ഈ സമ്മേളനത്തിൽ നിർണ്ണായക സ്ഥാനമുള്ളതാണ് ചീഫ് വിപ്പ്. അതുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന് ലഭിച്ച രാജിക്കത്തുകളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് ഈ സഭയെ അറിയിക്കണം. അദ്ദേഹം ഇപ്പോഴും ചീഫ് വിപ്പായിട്ട് തുടരുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചാണ് വ്യക്തതയുണ്ടാകേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഇന്നലെ നോട്ടീസ് നൽകിയ പ്രമേയമാണിത്. ഇന്നലെയിതിന് പ്രസക്തിയുണ്ടായിരുന്നു. ഇന്നിപ്പോൾ എല്ലാ കാര്യങ്ങളും വ്യക്തമായി. പിന്നെ അങ്ങയുടെ തൃപ്തിക്കുവേണ്ടി ഞാൻ മറുപടി പറയാം. ശ്രീ. കെ. എം. മാണി ധനകാര്യവകുപ്പ മന്ത്രിസ്ഥാനവും ശ്രീ. തോമസ് ഉണ്ണിയാടൻ ചീഫ് വിപ്പ് സ്ഥാനവും രാജി വച്ചിരുന്നു. മാണി സാറിനോട് ആരും രാജി ആവശ്യപ്പെട്ടിട്ടില്ല. കോടതിയിൽനിന്ന് ഒരു പരാമർശം വന്നതിനാൽ

LIBRARY ARCHIVES Kerala Legislative Assembly